ഭരണഭാഷ -മാതൃഭാഷ

നമ്പർ.ക്യൂ.ഐ.പി(2)/2348701/2024/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി. 03/05/2024.
E-mail supdtqip.dge@kerala.gov.in
ഫോൺ 0471 2580587

# സർക്കുലർ

വിഷയം:- പൊ.വി. - 2024-25 വർഷത്തെ അവധിക്കാല അധ്യാപക സംഗമം - നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. പി3/4000/2024/എസ്.എസ്.കെ. തീയതി. 29/04/2024.
2. സർക്കുലർ നമ്പർ പി3/4000/2023/എസ്.എസ്.കെ. തീയതി 30/04/24.

\- - - - - -

സൂചനകൾ പ്രകാരം പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന അവധിക്കാല അധ്യാപക സംഗമം (2024-25)ൽ മാറിയ പാഠ പുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റ് എന്നിവയുടെ പരിചയപ്പെടലും അവയുടെ ക്ലാസ് റൂം വിനിമയവും പ്രധാനമായും കേന്ദ്രീകരിക്കുന്നു. അവധിക്കാല അധ്യാപക സംഗമം നടത്തിപ്പ് സംബന്ധിച്ച് എസ്.എസ്.കെ.യിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം എൽ.പി, യു.പി, ഡി.ആർ.ജി. ശാക്തീകരണം 2024 മെയ് 6 മുതൽ 10 വരെ തീയതികളിൽ ജില്ലകൾ കേന്ദ്രീകരിച്ച് 5 ദിവസത്തെ നോൺ റസിഡൻഷ്യൽ ശില്പശാലകളായും എച്ച്.എസ്. സോണൽ ഡി.ആർ.ജി ശാക്തീകരണം 2024 മെയ് 6-ന് പ്ലാനിംഗം, 7 മുതൽ 10 വരെ തീയതികളിൽ ഡി.ആർ.ജി.ശാക്തീകരണവും 4 ദിവസത്തെ റസിഡൻഷ്യൽ ശില്പശാലകളായും സംഘടിപ്പിക്കുന്നു

എൽ.പി, യു.പി, എച്ച്.എസ് അധ്യാപക സംഗമം 2024 മെയ് 13-ന് പ്ലാനിംഗം ആദ്യ സ്പെൽ ബാച്ചുകൾ മെയ് 14 മുതൽ 18 വരെയും രണ്ടാം സ്പെൽ ബാച്ചുകൾ 2024 മെയ് 20 മുതൽ 24 വരെയും സംഘടിപ്പിക്കുന്നു. എൽ.പി. ക്ലാസുകൾ ക്ലാസ് അടിസ്ഥാനത്തിൽ ബി.ആർ.സി. തലത്തിലും യു.പി. വിഷയാടിസ്ഥാനത്തിൽ ബി.ആർ.സി.തലത്തിലും, ഹൈസ്കൂൾ വിഷയാടിസ്ഥാനത്തിൽ ഡി.ഇ.ഒ. തലത്തിലും ആണ് അധ്യാപക സംഗമം സംഘടിപ്പിക്കുന്നത്. വിദ്യാലയങ്ങളിൽ നിന്ന് പ്രഥമാധ്യാപകർ മുഖേന കൈറ്റ് ടി.എം.എസ്. പോർട്ടലിലൂടെയാണ് ബാച്ചുകളിൽ അധ്യാപകർ രജിസ്റ്റർ ചെയ്യേണ്ടത്.

1. അധ്യാപക സംഗമം നടക്കുന്ന കേന്ദ്രങ്ങളിൽ സ്ഥാപന മേലധികാരികളായ പ്രിൻസിപ്പൽ/എച്ച്.എം. സെൻറർ കോർഡിനേറ്ററായി അധ്യാപക സംഗമത്തിന്റെ പൂർണ്ണ ചുമതലയുണ്ടാവേണ്ടതും അധ്യാപക സംഗമത്തിൽ ആർ.പി.മാരുടേയും അധ്യാപകരുടെയും പൂർണ്ണ സമയ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്.
2. അധ്യാപക സംഗമത്തിന് അനുയോജ്യമായ വലിപ്പമുള്ള ക്ലാസ് മുറികൾ, ഇരിപ്പിടങ്ങൾ, ലാബ്, ലൈബ്രറി, പ്രൊജക്ടർ, വൈദ്യുതി, ഫാൻ, കുടിവെള്ളം, ടോയിലറ്റ് ഉടങ്ങിയ അധ്യാപകർക്കുള്ള അവശ്യ സൗകര്യങ്ങൾ വിദ്യാലയത്തിൽ സെൻറർ കോർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്.
3. കടുത്ത വേനൽ കാലമായതിനാൽ അധ്യാപകർക്ക് ബുദ്ധിമുട്ട് ഇല്ലാതെ 5 ദിവസത്തെ ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ജില്ലകളിലെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി ക്ലാസുമുറികൾ അധ്യാപക സംഗമത്തിന് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുന്നു.
4. ജില്ലകളിൽ ഡി.ഡി.ഇ, ആർ.ഡി.ഡി, വി.എച്ച്.എസ്.ഇ-എ.ഡി, ഡി.പി.സി, ഡയറ്റ് പ്രിൻസിപ്പാൾ, വിദ്യാകിരണം കോർഡിനേറ്റർ, കൈറ്റ് ജില്ലാ കോർഡിനേറ്റർ, ഡി.ഇ.ഒ.മാർ, എ.ഇ.ഒ.മാർ ഡി.പി.ഒ.മാർ, ബി.പി.സി.മാർ, ഡയറ്റ് ഫാക്കൽറ്റികൾ ഉടങ്ങിയവരുടെ കൺവർജൻസ് യോഗം ചേരേണ്ടതാണ്. അധ്യാപക സംഗമത്തിന് മുൻപുള്ള കൺവർജൻസ് യോഗത്തിൽ അധ്യാപക സംഗമം, സംഘാടനം, ആർ.പി.മാരുടേയും

അധ്യാപകരുടേയും പങ്കാളിത്തം ഉറപ്പാക്കൽ, അക്കാദമിക മോണിട്ടറിംഗ്, അധ്യാപക സംഗമങ്ങളുടെ ഫലപ്രാപ്തി വിശകലനം, അധ്യാപകസംഗമത്തെ തുടർന്നുള്ള അധ്യാപകരുടെ ക്ലാസുകൾ, പ്രവർത്തന വിലയിരുത്തൽ തുടങ്ങിയവയ്ക്ക് ഒരു രൂപരേഖ തയ്യാറാക്കേണ്ടതാണ്.

5. ജില്ലാ കൺവർജൻസ് യോഗത്തെ തുടർന്ന് ഡി.ഇ.ഒ/എ.ഇ.ഒ. തലത്തിൽ അധ്യാപക സംഗമ കേന്ദ്രങ്ങളുടെ പ്രഥമാധ്യാപകരുടെ യോഗം സംഘടിപ്പിച്ച് മുന്നൊരുക്കങ്ങൾ വിലയിരുത്തേണ്ടതാണ്.
6. ഡി.ഇ.ഒ/എ.ഇ.ഒ. തലത്തിൽ പ്രഥമാധ്യാപക യോഗങ്ങൾ സംഘടിപ്പിച്ച് ആർ.പി.മാരുടേയും അധ്യാപകരുടേയും പൂർണ്ണ സമയ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഡി.ഇ.ഒ, എ.ഇ.ഒ, ബി.പി.സി. ഡയറ്റ് ഫാക്കൽറ്റി, പ്രഥമാധ്യാപക പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന മോണിട്ടറിംഗ് ടീം രൂപീകരിച്ച് അധ്യാപക സംഗമം മോണിട്ടർ ചെയ്യേണ്ടതാണ്.
7. അധ്യാപക സംഗമത്തിന്റെ ഏതെങ്കിലും ഒരു ബാച്ചിൽ പ്രഥമാധ്യാപകർ പൂർണ്ണ സമയ പങ്കാളികളാവേണ്ടതാണ്.
8. എൽ.പി, യു.പി. അധ്യാപകർ അവരവരുടെ വിദ്യാലയം ഉൾപ്പെട്ട ബി.ആർ.സി.യിലും എച്ച്.എസ് അധ്യാപകർ അവരുടെ വിദ്യാലയം ഉൾപ്പെടുന്ന ഡി.ഇ.ഒ. തലത്തിലെ ബി.ആർ.സി.യിലും അധ്യാപക സംഗമ ബാച്ചുകളിൽ രജിസ്റ്റർ ചെയ്യുന്നു എന്നത് പ്രഥമാധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.
9. ജില്ല മാറി പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർ പ്രഥമാധ്യാപകർ മുഖേന നേരത്തെ തന്നെ രേഖാമൂലം ആ വിവരം അധ്യാപക സംഗമത്തിന് പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ബി.ആർ.സി.യിലെ ബി.പി.സി.യെ അറിയിച്ചിരിക്കേണ്ടതാണ്.
10. അധ്യാപകർ കുറവുള്ള വിഷയങ്ങളിൽ ബി.ആർ.സി.കൾ ക്ലബ് ചെയ്തോ ഡി.ഇ.ഒ.കൾ ക്ലബ് ചെയ്തോ ജില്ലാതലത്തിലോ ആയിരിക്കും അധ്യാപക സംഗമ ബാച്ചുകൾ ക്രമീകരിക്കേണ്ടത്.

2024-25 വർഷത്തെ അധ്യാപക സംഗമങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് സൂചന (2) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

1. ഡയറക്ടർ എസ്.സി.ഇ.ആർ.ടി.
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ.
3. സി.ഇ.ഒ. കൈറ്റ്
4. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
5. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.എസ്)
6. എല്ലാ അസിസ്റ്റൻറ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ)
7. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
8. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
9. എല്ലാ കൈറ്റ് ജില്ലാ കോർഡിനേറ്റർമാർക്കും
10. എല്ലാ വിദ്യാകിരണം കോർഡിനേറ്റർമാർക്കും

വി.എം.01/05/24

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)
എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം – 695 033
ഫോൺ : 0471 2320826, 2320352. ഫാക്സ് : 2320703.
ഇ–മെയിൽ : ssakerala@gmail.com.

നം. പി.3/4000/2024/എസ്.എസ്.കെ തീയതി- 30/4/2024

## സർക്കുലർ

വിഷയം:-സമഗ്രശിക്ഷാ കേരളം-സ്റ്റാർസ് പദ്ധതി 2024-25- അധ്യാപക സംഗമം - ഡി.ആർ.ജി, ബി.ആർ.സി.തല അധ്യാപകശാക്തീകരണം- എൽ.പി, യു.പി, ഹൈസ്കൂൾതലം- നിർദേശങ്ങൾ സംബന്ധിച്ച്.

സൂചന :- (1) എസ്.സി.ഇ .ആർ. ടി ഡയറക്ടറുടെ 12.04.2024 ലെ SCERT / 107/2024CLP 2 നം കത്ത്.

(2) 16.04.2024 ൽ ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗതീരുമാനം.

(3) 19.4.2024 ലെ പി.3/4000/2024/എസ്.എസ്.കെ നമ്പർ സർക്കുലർ

2024-25 വർഷത്തെ അവധിക്കാല അധ്യാപക സംഗമം, എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗം കോർ എസ്.ആർ.ജി, എസ്.ആർ.ജി ശാക്തീകരണം എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുന്നത്. എസ്.ആർ.ജി ശാക്തീകരണത്തെ തുടർന്ന് എൽ.പി, യു.പി, എച്ച്.എസ് ഡി.ആർ.ജി ശാക്തീകരണവും അധ്യാപക സംഗമവും സംഘടിപ്പിക്കുന്നതിന് സൂചന (2) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി സമഗ്ര ശിക്ഷാ കേരളത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ കേരളം, വിദ്യാകിരണം, ഡയറ്റ്, കൈറ്റ് എന്നിവയുടെ ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ജില്ലകളിൽ ഡി.ആർ.ജി ശാക്തീകരണം 2024 മെയ് 6 മുതൽ 10 വരെ തീയതികളിലും 5 ദിവസത്തെ അധ്യാപക സംഗമം പരമാവധി രണ്ട് സ്പെല്ലുകളിലായി 2024 മെയ് 13 മുതൽ മെയ് 25 നകം പൂർത്തിയാക്കേണ്ടതുണ്ട്.

2024-25 അവധിക്കാല അധ്യാപക സംഗമത്തിലെ ഊന്നൽ മേഖലകൾ

- പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടക്കുന്ന അവധിക്കാല അധ്യാപക സംഗമം മാറിയ പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റ് എന്നിവയുടെ പരിചയപ്പെടലും അവയുടെ ക്ലാസ് റൂം വിനിമയത്തെയും പ്രധാനമായും കേന്ദ്രീകരിക്കുന്നു.
- കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 (KCF 2023) സമീപനം, പൊതുലക്ഷ്യങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി വിഷയ ബന്ധിതമായി അധ്യാപകരെ പരിചയപ്പെടുത്തുന്നു.
- പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ കായിക വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥന വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം എന്നിവയെകുറിച്ചുള്ള പൊതുധാരണ എല്ലാ വിഷയ അധ്യാപകരിലും ഉളവാക്കുന്നു.
- രക്ഷാകർതൃ വിദ്യാഭ്യാസം, ഡിജിറ്റൽ ടെക്സ്റ്റ്, മലയാള എഴുത്തു രീതി -2022 എന്നിവ പരിശീലന വേളയിൽ പരിചയപ്പെടുത്തും.
- സ്വന്തം ക്ലാസിലെ ഓരോ കുട്ടിയും വ്യത്യസ്തരാണെന്നു തിരിച്ചറിയുന്ന അധ്യാപകർ തന്റെ ക്ലാസ് റൂം വിനിമയത്തിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങളിലും അനുഭവങ്ങളിലും അവസര തുല്യത ഉറപ്പാക്കും വിധം വിഭവങ്ങൾ ഉൾപ്പെടുത്തുന്ന യൂണിവേഴ്സൽ ഡിസൈൻ ഫോർ ലേണിംഗ് എന്ന ആശയം അധ്യാപകരെ പരിചയപ്പെടുത്തുന്നു.

- ടൈപ്പ് 1 പ്രമേഹം, സിക്കിൾസെൽ അനീമിയ പോലുള്ള അവസ്ഥകൾ കാണപ്പെടുന്ന കുട്ടികളെ അധ്യാപകർ തിരിച്ചറിയുന്നതിനും അവർക്ക് വേണ്ട ശ്രദ്ധ കൊടുക്കുന്നതിനും അധ്യാപകരെ പ്രാപ്തരാക്കുന്നു.
- കുട്ടികൾ നേരിടുന്ന വിവിധ തരം പ്രശ്നങ്ങളെ കണ്ടെത്താനും പോക്സോ പോലുള്ള നിയമത്തിന്റെ വിവിധ സാധ്യതകൾ, ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങൾ എന്നിവ മനസ്സിലാക്കി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അധ്യാപകരെ ശാക്തീകരിക്കുന്നതിനും പ്രധാന ഊന്നൽ നൽകുന്നു.
- വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയത്തിൽ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിന് അധ്യാപക ശാക്തീകരണം ലക്ഷ്യം വയ്ക്കുന്നു.

<u>ഡി.ആർ.ജി ശാക്തീകരണം</u>

- ജില്ലകളിൽ എൽ.പി വിഭാഗം ഡി.ആർ.ജി ശാക്തീകരണം 1, 2, 3, 4 എന്നിങ്ങനെ ക്ലാസടിസ്ഥാനത്തിലും, ക്ലാസ് 1, 2 ഇംഗ്ലീഷ്, ക്ലാസ് 3, 4 ഇംഗ്ലീഷ് എന്നീ രണ്ടു ബാച്ചുകളിലായുമാണ് അഞ്ചു ദിവസത്തെ നോൺ റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാലകൾ സംഘടിപ്പിക്കുന്നത്.
- ഹൈസ്കൂൾ വിഭാഗം ഡി.ആർ.ജി ശാക്തീകരണം ജില്ലകൾ ക്ലബ് ചെയ്ത് നാലു സോണുകളായി നാല് ദിവസത്തെ റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാലകളായാണ് സംഘടിപ്പിക്കുന്നത്.
- ഒരു വിദ്യാഭ്യാസ ജില്ലയിൽ നിന്നും അധ്യാപക സംഗമത്തിന്റെ ഒരു ബാച്ചിന് ആർ.പിമാരായി പരമാവധി 3 പേരാണ് (കോർ എസ്.ആർ.ജി/ എസ്.ആർ.ജി/ ഡി.ആർ.ജി അംഗങ്ങൾ) ഉണ്ടാവേണ്ടത്. ഇപ്രകാരം ഓരോ ജില്ലയും ബാച്ചുകൾക്കാവശ്യമായ ഡി.ആർ.ജി അംഗങ്ങളെ കണ്ടെത്തി ഡി.ആർ.ജി ശാക്തീകരണത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- ജില്ലാ തലത്തിൽ ഡി.ഡി.ഇ, ഡി.പി.സി., ഡയറ്റ് പ്രിൻസിപ്പാൾ ഇവർ കൂടിയാലോചിച്ച് തയ്യാറാക്കുന്ന ഡി.ആർ.ജി ലിസ്റ്റുകൾ സംസ്ഥാനത്തിന് നൽകേണ്ടതാണ്.
- ഡി.ആർ.ജി അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ പാഠ്യപദ്ധതി പരിഷ്കരണത്തിലും പാഠപുസ്തക രചനയിലും പങ്കെടുത്തവർക്ക് മുൻഗണന നൽകേണ്ടതാണ്.
- ഡി.ആർ.ജി പരിശീലനത്തിൽ മറ്റ് ജില്ലകളിൽ നിന്ന് ആർ.പിമാരായി പങ്കെടുക്കുന്ന കോർ എസ്.ആർ.ജി., എസ്.ആർ.ജി അംഗങ്ങൾക്ക് ആവശ്യമുള്ള പക്ഷം താമസ സൗകര്യം (പ്ലാനിംഗ് ദിന മുൾപ്പടെ) ക്രമീകരിക്കാവുന്നതാണ്.
- ഡി.ആർ.ജി ശാക്തീകരണം നോൺ റസിഡൻഷ്യൽ രീതിയിൽ നടക്കുന്നിടത്ത് എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ സമയക്രമം പാലിക്കേണ്ടതാണ്.
- ഇടുക്കി ജില്ലയിൽ ഡി.ആർ.ജി പരിശീലനം നാലു ദിവസത്തെ റസിഡൻഷ്യൽ പരിശീലനമായി നടത്താവുന്നതാണ്. അതനുസരിച്ചുള്ള ധനവിനിയോഗം നടത്താവുന്നതാണ്.
- ഹൈസ്കൂൾതലം സോണൽ റസിഡൻഷ്യൽ ഡി.ആർ.ജി ശാക്തീകരണം (4 ദിവസം) 2024 മെയ് 6ന് പ്ലാനിംഗും 7 മുതൽ 10 വരെയുള്ള തീയതികളിൽ ശാക്തീകരണ ശില്പശാലയും സംഘടിപ്പിക്കേണ്ടതാണ്.
- എൽ.പി, യു.പി ഡി.ആർ.ജി ശാക്തീകരണം നോൺ റസിഡൻഷ്യലായി (5 ദിവസം) 2024 മെയ് 6 മുതൽ 10 വരെയുള്ള തീയതിക്കുള്ളിൽ നടത്തണം. പ്ലാനിംഗ് 4 നോ 5 നോ സംഘടിപ്പിക്കാവുന്നതാണ്.
- സോണൽ റസിഡൻഷ്യൽ ഡി.ആർ.ജി ശാക്തീകരണത്തിനായി ഏതെല്ലാം വിഷയങ്ങളാണ് ഓരോ ജില്ലയിലും സംഘടിപ്പിക്കേണ്ടത് എന്ന ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

സോണൽ ഡി.ആർ.ജി- ഹൈസ്കൂൾ വിഭാഗം

| സോൺ | സംഘടിപ്പിക്കുന്ന ജില്ല | വിഷയങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | ഇംഗ്ലീഷ്, മലയാളം, കെമിസ്ട്രി |
| | കൊല്ലം | ഹിന്ദി, സോഷ്യൽ സയൻസ് |
| | പത്തനംതിട്ട | ഫിസിക്സ്, കണക്ക്, ബയോളജി |
| | ആലപ്പുഴ | - |
| 2 | കോട്ടയം | മലയാളം, ഇംഗ്ലീഷ് |
| | ഇടുക്കി | ഹിന്ദി, സോഷ്യൽ സയൻസ് |
| | എറണാകുളം | ഫിസിക്സ്, കണക്ക്, വർക്ക് എഡ്യൂക്കേഷൻ |
| | തൃശൂർ | കെമിസ്ട്രി, ബയോളജി, സംസ്കൃതം |
| 3 | പാലക്കാട് | ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സോഷ്യൽ സയൻസ്, തമിഴ് |
| | മലപ്പുറം | കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി. |
| 4 | കോഴിക്കോട് | മലയാളം, ഇംഗ്ലീഷ്, കണക്ക് |
| | വയനാട് | ഹിന്ദി, സോഷ്യൽ സയൻസ് |
| | കണ്ണൂർ | കണക്ക്, ഫിസ്ക്സ്, ഇംഗ്ലീഷ്, മലയാളം, ആർട്ട് എഡ്യൂക്കേഷൻ |
| | കാസർഗോഡ് | കെമിസ്ട്രി, ബയോളജി, സോഷ്യൽ സയൻസ്, അറബിക് |
| | കോട്ടയം (തിരുവനന്തപുരം മുതൽ തൃശൂർ വരെ) | ഫിസിക്കൽ എഡ്യൂക്കേഷൻ |
| | കോഴിക്കോട് (പാലക്കാട് മുതൽ കാസർഗോഡ് വരെ) | ഫിസിക്കൽ എഡ്യൂക്കേഷൻ |

- സോണൽ റസിഡൻഷ്യൽ ക്രിയേറ്റീവ് ഡി.ആർ.ജി ശാക്തീകരണത്തിന്റെ ധനവിനിയോഗ മാനദണ്ഡം ചുവടെ കൊടുത്തിരിക്കും പ്രകാരം പാലിക്കേണ്ടതാണ്.

**സോണൽ ഡി.ആർ.ജി -റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാല (സംസ്ഥാനതലം)**

യാത്രാബത്ത : കെ.എസ്.ആർ പ്രകാരം (ആർ.പി.മാർക്കും പങ്കാളികൾക്കും)

ഹോണറേറിയം-

ആർ.പി.മാർ : 250/- രൂപ പ്രതിശീർഷം പ്രതിദിനം (ആസൂത്രണം ഉൾപ്പെടെ)

പങ്കാളികൾ : 200/- രൂപ പ്രതിശീർഷം പ്രതിദിനം

ഭക്ഷണം, താമസം : പ്രതിശീർഷം പ്രതിദിനം - 700/- രൂപ (ആർ.പി.മാർക്കും പങ്കാളികൾക്കും) (ആസൂത്രണം ഉൾപ്പെടെ)

ഹാൾ വാടക : 5000/-+ ജി.എസ്.ടി

സ്റ്റേഷനറി : 30/- രൂപ പ്രതിശീർഷം

കണ്ടിജൻസി : 4000/- രൂപ ഓരോ ബാച്ചിനും

(പരിശീലനാന്തരീക്ഷം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾക്കും മറ്റു സാമഗ്രികൾ വാങ്ങുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.)

## ഡി.ആർ.ജി -റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാല (ജില്ലാതലം)

യാത്രാബത്ത : കെ.എസ്.ആർ പ്രകാരം (ആർ.പി.മാർക്കും പങ്കാളികൾക്കും)

ഹോണറേറിയം-

ആർ.പി.മാർ : 250/- രൂപ പ്രതിശീർഷം പ്രതിദിനം (ആസൂത്രണം ഉൾപ്പെടെ)

പങ്കാളികൾ : 200/- രൂപ പ്രതിശീർഷം പ്രതിദിനം

ഭക്ഷണം, താമസം : പ്രതിശീർഷം പ്രതിദിനം - 600/- രൂപ (ആർ.പി.മാർക്കും പങ്കാളികൾക്കും) (ആസൂത്രണം ഉൾപ്പെടെ)

ഹാൾ വാടക : 4000/-+ ജി.എസ്.ടി

സ്റ്റേഷനറി : 30/- രൂപ പ്രതിശീർഷം

കണ്ടിജൻസി : 4000/- രൂപ ഓരോ ബാച്ചിനും

(പരിശീലനാന്തരീക്ഷം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾക്കും മറ്റു സാമഗ്രികൾ വാങ്ങുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.)

**ഡി.ആർ. ജി ശാക്തീകരണം എൽ.പി, യു.പി (പ്ലാനിംഗ് ഉൾപ്പടെ 6 ദിവസം)- ക്രിയേറ്റീവ് നോൺ റസിഡൻഷ്യൽ**

യാത്രാബത്ത

കെ.എസ്.ആർ.പ്രകാരം - പ്രതി ശീർഷം പ്രതിദിനം (8 കി മീ വരെയുള്ളവർക്ക് മെസ് അലവൻസ് 125 രൂപ പ്രതിദിനം ) (ആർപിമാർക്കും പങ്കാളികൾക്കും)

ഹോണറേറിയം

ആർ.പി. - 250/ രൂപ പ്രതിശീർഷം പ്രതിദിനം (എൽ.പി- 4 പേർ, യു.പി- 3പേർ )

പങ്കാളികൾ - 200/ രൂപ പ്രതിശീർഷം പ്രതിദിനം

സ്റ്റേഷനറി - 30 രൂപ പ്രതിശീർഷം

കണ്ടിജൻസി - പരമാവധി 5000/- രൂപ ഒരു ബാച്ചിന്.

(പരിശീലനാന്തരീക്ഷം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾക്കും മറ്റു സാമഗ്രികൾ വാങ്ങുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്. മൊഡ്യൂളിനൊപ്പമുള്ള അനുബന്ധ ലിസ്റ്റ് പ്രകാരമാണ് സാമഗ്രികൾ വാങ്ങേണ്ടത്.)

### അധ്യാപക സംഗമം

- **കൈറ്റ് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം** മുഖേനയാണ് എൽ.പി, യു.പി, എച്ച്.എസ് അധ്യാപക സംഗമം ബാച്ചുകളിലേക്കുള്ള രജിസ്ട്രേഷൻ നടത്തുന്നത്.
- പൊതുവിൽ എല്ലാ ക്ലാസുകളിലും വിഷയങ്ങളിലും ജില്ലകളിൽ എൽ.പി, യു.പി അധ്യാപക സംഗമം ബി.ആർ.സി അടിസ്ഥാനത്തിലും എച്ച്.എസ്. അധ്യാപക സംഗമം ഡി.ഇ.ഒ അടിസ്ഥാന ത്തിലുമാണ് സംഘടിപ്പിക്കുന്നത്.
- എൽ.പി, യു.പി അധ്യാപകർ അതാത് ബി.ആർ.സികളിലും എച്ച്.എസ് അധ്യാപകർ അതാത് ഡി. ഇ.ഒ. തലത്തിലുമാണ് രജിസ്റ്റർ ചെയ്യേണ്ടത്.

- എൽ.പി, യു.പി തലത്തിൽ 40-45 പേരടങ്ങുന്ന ബാച്ചുകളിലായി വേണം അധ്യാപക സംഗമങ്ങൾ സംഘടിപ്പിക്കേണ്ടത്. ക്ലാസ്/വിഷയങ്ങൾക്ക് മതിയായ എണ്ണം പങ്കാളികൾ ഇല്ലായെങ്കിൽ ബി.ആർ.സി കൾ ക്ലബ്ബ് ചെയ്തോ ജില്ലാ തലത്തിലോ അധ്യാപക സംഗമം നടത്തേണ്ടതാണ്.
- ഹൈസ്കൂൾ അധ്യാപക സംഗമം വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിലാണ് സംഘടിപ്പിക്കേണ്ടത്. ഹൈസ്കൂൾ വിഷയങ്ങൾക്ക് മതിയായ എണ്ണം പങ്കാളികൾ ഇല്ലാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ ജില്ലകൾ ക്ലബ് ചെയ്തോ ജില്ലാതലത്തിലോ അധ്യാപക സംഗമം നടത്തേണ്ടതാണ്.
- എൽ.പി തലത്തിൽ, ക്ലാസ് അടിസ്ഥാനത്തിലാണ് അധ്യാപക സംഗമം സംഘടിപ്പിക്കുന്നത്. എൽ.പി അധ്യാപക സംഗമം ഒരു ബാച്ചിന് പരമാവധി നാലുപേർ വീതമാണ് ആർ.പി മാരായി ഓരോ ക്ലാസിലും പങ്കെടുക്കേണ്ടത് (കോർ എസ്.ആർ. ജി, എസ്.ആർ.ജി, ഡി.ആർ.ജി അംഗങ്ങൾ ആർ.പി.മാരായി ഉണ്ടാകണം). ഗണിതം, മലയാളം, പരിസരപഠനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന പരമാവധി മൂന്ന് ആർ.പിമാരും ഇംഗ്ലീഷ് വിഷയം കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു ആർ.പി.യും ആണ് ഉണ്ടാകേണ്ടത്.
- യു.പി.തലത്തിൽ ആർ.പിമാരായി ഒരു വിഷയത്തിൽ നിന്നും 3 പേർ പങ്കെടുക്കണം (കോർ എസ്.ആർ.ജി/എസ്.ആർ.ജി അംഗങ്ങൾ ഉണ്ടാകണം.)
- യു.പി.തലത്തിൽ വിഷയാടിസ്ഥാനത്തിലാണ് അധ്യാപകർ അധ്യാപക സംഗമത്തിൽ പങ്കെടുക്കേണ്ടത്.
- യു.പി ആർട്ട് എഡ്യൂക്കേഷൻ, വർക്ക് എഡ്യൂക്കേഷൻ, ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകർ പ്രസ്തുത വിഷയത്തിലെ ഹൈസ്കൂൾ അധ്യാപക സംഗമത്തിലാണ് പങ്കെടുക്കേണ്ടത്
- ജില്ലയിലും ബി.ആർ.സിയിലും ഡി.ആർ.ജി പരിശീലനവും അധ്യാപക സംഗമങ്ങളും നോൺ റസിഡൻഷ്യലായി സംഘടിപ്പിക്കുന്നതിനായി കേന്ദ്രങ്ങൾ ഒരുക്കുമ്പോൾ അത് യാത്രാ സൗകര്യമുള്ളയിടങ്ങളിലാണെന്നുറപ്പുവരുത്തണം.
- സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക്കായിട്ടുണ്ട്. കൂടാതെ മികവിന്റെ കേന്ദ്രങ്ങളായി മാറിയ നിരവധി സ്കൂളുകളും നിലവിലുണ്ട്. പരിശീലന കേന്ദ്രങ്ങളായി പ്രസ്തുത സ്കൂളുകളിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.
- വേനൽക്കാലമായതിനാൽ സൗകര്യപ്രദമായ ഇരിപ്പിടം, ഫാൻ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉള്ള വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.
- ഒരേ കേന്ദ്രത്തിൽ വച്ച് അതേ വിഷയങ്ങൾക്ക് തുടർന്നും അധ്യാപക സംഗമം ക്രമീകരിക്കുന്നുണ്ടെങ്കിൽ ആദ്യം ഒരുക്കിയ പരിശീലനാന്തരീക്ഷം തന്നെ പ്രയോജനപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കേന്ദ്രത്തിൽ കണ്ടിജൻസി ഇനത്തിൽ അനുവദിച്ച തിനേക്കാൾ കൂടുതൽ തുക അനിവാര്യമായി വരുന്ന പക്ഷം അത് ചെലവഴിച്ച് സാധൂകരണത്തിനായി അനുബന്ധ തെളിവുകൾ സഹിതം ഡി.പി.സിക്ക് കത്ത് നൽകേണ്ടതും ആവശ്യം പ്രസക്തവും ബോധ്യപ്പെടുന്നതുമാണെങ്കിൽ (മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ റിപ്പോർട്ട് എന്നിവ കൂടി പരിശോധിച്ച്) അധികമായി ചെലവാക്കിയ തുക അനുവദിച്ച് ഡി.പി.സിമാർ ഉത്തരവ് നൽകേണ്ടതാണ്.

**അധ്യാപക സംഗമം (എൽ.പി, യു.പി, ഹൈസ്കൂൾ) - സമയക്രമം**

പ്ലാനിംഗ് - 2024 മെയ് 13ന്

സ്പെൽ 1 : 2024 മെയ് 14 മുതൽ മെയ് 18 വരെ (5 ദിവസം)

സ്പെൽ 2 : 2024 മെയ് 20 മുതൽ മെയ് 24 വരെ (5 ദിവസം)

ധനവിനിയോഗം

**അധ്യാപക സംഗമം (എൽ.പി, യു.പി, ഹൈസ്കൂൾ) - നോൺ റസിഡൻഷ്യൽ**

(പ്ലാനിംഗ് ഉൾപ്പടെ 6 ദിവസം. ആദ്യ ബാച്ചിന് മുമ്പ് മാത്രം പ്ലാനിംഗ് ദിനം അനുവദിക്കാവുന്നതാണ്.)

ഹോണറേറിയം

ആർ.പി. - 200/ രൂപ പ്രതിശീർഷം പ്രതിദിനം (എൽപി- 4 പേർ, യു.പി- 3 പേർ, എച്ച്.എസ്- 3 പേർ) (ഇതിൽ എസ്.എസ്.കെ പ്രവർത്തകർക്ക് പ്രവർത്തനതലത്തിലെ പരിപാടിയായതിനാൽ ഹോണറേറിയം അനുവദിക്കാവുന്നതല്ല.)

മെസ് അലവൻസ് (ആർപിമാർക്കും പങ്കാളികൾക്കും) - 125/- രൂപ പ്രതിശീർഷം പ്രതിദിനം

(സ്വന്തം ബി.ആർ.സി പരിധിക്ക് പുറത്ത് സേവനം നൽകുന്ന പക്ഷം ആർ.പിമാർ കെ.എസ്.ആർ.പ്രകാരമുള്ള ടി.എ/ ഡി.എക്ക് അർഹതയുണ്ടായിരിക്കും. ഈ സാഹചര്യത്തിൽ മെസ് അലവൻസ് നൽകുന്നതല്ല.)

സ്റ്റേഷനറി - 30/- രൂപ പ്രതിശീർഷം

കണ്ടിജൻസി - പരമാവധി 5000/- രൂപ ഒരു ബാച്ചിന്

(പരിശീലനാന്തരീക്ഷം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾക്കും മറ്റു സാമഗ്രികൾ വാങ്ങുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്. മൊഡ്യൂളിനൊപ്പമുള്ള അനുബന്ധ ലിസ്റ്റ് പ്രകാരമാണ് സാമഗ്രികൾ വാങ്ങേണ്ടത്. ഒരേ കേന്ദ്രത്തിൽ വച്ച് അതേ വിഷയങ്ങൾക്ക് തുടർന്നും അധ്യാപക സംഗമം ക്രമീകരിക്കുന്നുണ്ടെങ്കിൽ ആദ്യം ഒരുക്കിയ പരിശീലനാന്തരീക്ഷം തന്നെ പ്രയോജനപ്പെടുത്തേണ്ടതാണ്. പരിശീലനങ്ങൾ കഴിവതും ഹൈടെക് സ്കൂളുകളിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്)

**എൽ.പി, യു.പി, ഹൈസ്കൂൾ ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമം എന്നിവയുടെ ധനവിനിയോഗം ജില്ലകൾക്ക് അധ്യാപക പരിശീലനത്തിനായി ലഭ്യമാക്കിയിട്ടുള്ള തുക സൂചന സർക്കുലറിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തേണ്ടതും ആയത് സ്റ്റാർസ് SIG 3 ൽ ഉൾപ്പെടുത്തേണ്ടതുമാണ്.**

പൊതുനിർദേശങ്ങൾ

- ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ഡി.ആർ.ജി ശാക്തീകരണത്തിന്റേയും അധ്യാപക സംഗമത്തിന്റേയും തീയതികൾ, കേന്ദ്രങ്ങൾ, ആർ.പിമാർ പങ്കാളികൾ, മുന്നൊരുക്കങ്ങൾ, പരിശീലന മൊഡ്യൂൾ, പരിശീലന മോണിട്ടറിംഗ് ഫോർമാറ്റ് എന്നിവ ചർച്ച ചെയ്യണം.
- ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമങ്ങൾ വിലയിരുത്തുന്നതിനും പിന്തുണയ്ക്കുന്നതിനും ടീമുകളെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിക്കണം.
- ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമങ്ങൾ നടക്കുന്ന കേന്ദ്രങ്ങളുടെ ലിസ്റ്റ് ഡി.പി.സി. മാർ തയ്യാറാക്കി ഡി.ഡി.ഇ, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.ഇ.ഒ, എ.ഇ.ഒ, മോണിറ്ററിംഗ് ടീം എന്നിവർക്കും സംസ്ഥാന ഓഫീസിനും അറിവിലേക്കായി നൽകണം.
- ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമങ്ങളിൽ പങ്കാളിത്ത മോണിട്ടറിംഗ് രീതിയാണ് സ്വീകരിക്കേണ്ടത്. മോണിറ്ററിംഗ് ടീം അംഗങ്ങൾ ഉച്ചവരെ / ഉച്ചയ്ക്ക് ശേഷം / പൂർണ ദിനം ശില്പശാലയിൽ പങ്കെടുത്ത് മോണിറ്റർ ചെയ്യുകയാണ് വേണ്ടത്.

- ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമങ്ങളിലെയും അതാത് ദിവസത്തെ അധ്യാപകരുടെ ഹാജർ സംസ്ഥാന ഓഫീസിൽ നിന്നു നൽകുന്ന ഡ്രൈവിൽ രാവിലെ 11 മണിക്കുള്ളിൽ നൽകേണ്ടതാണ്.
- അധ്യാപക സംഗമങ്ങൾ കഴിഞ്ഞ് നിശ്ചിത ഫോർമാറ്റിലുള്ള റിപ്പോർട്ട് ഡി.പി.സിമാർ സംസ്ഥാന ഓഫീസിലേക്ക് 2024 മെയ് 30 നകം അയക്കേണ്ടതാണ്. അധ്യാപക സംഗമങ്ങളിലെ പങ്കാളിത്തം, ധനവിനിയോഗം, അധ്യാപകരിൽ നിന്നുള്ള ഫീഡ്ബാക്ക്, മോണിറ്ററിംഗ് നടത്തിയപ്പോഴുള്ള കണ്ടെത്തലുകൾ എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടാവണം.
- ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമങ്ങളുടെ ദൃശ്യങ്ങൾ (ഫോട്ടോകൾ, വീഡിയോകൾ, നേർസാക്ഷ്യങ്ങൾ, പത്രവാർത്തകൾ  തുടങ്ങിയവ) ഷാഗൂൺ പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള ക്വാളിറ്റിയോടെ സംസ്ഥാന ഓഫീസിന് നൽകണം.
- അധ്യാപക സംഗമത്തിന്റെ ജില്ലാ/ബി.ആർ.സിതല ഉദ്ഘാടനം ഏതെങ്കിലും ഒരു കേന്ദ്രത്തിൽ വച്ച് തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിച്ച് നടത്താവുന്നതാണ്. ഉദ്ഘാടന സമ്മേളനം അര മണിക്കൂറിൽ കവിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- അധ്യാപക സംഗമ കേന്ദ്രങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കുവാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കണം.
- പ്രഥമാധ്യാപകർ ആദ്യ ബാച്ചുകളിലെ അധ്യാപക സംഗമത്തിൽ പങ്കെടുക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്.
- എൽ.പി തലത്തിൽ ക്ലാസ്  1, 2, 3, 4 എന്നീ അധ്യാപക സംഗമ ബാച്ചുകളിൽ ഒരു വിദ്യാലയത്തിൽ നിന്ന് കുറഞ്ഞത് ഒരു അധ്യാപകനെങ്കിലും പങ്കെടുത്തിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പാക്കേണ്ടതാണ്.
- യു.പിതല അധ്യാപക സംഗമത്തിൽ അധ്യാപകർ ഒരു വിഷയത്തിൽ പങ്കെടുത്താൽ മതിയാകും. യു.പി തലത്തിലും ഒരു  വിദ്യാലയത്തിലെ അധ്യാപകരുടെ പങ്കാളിത്തം എല്ലാ വിഷയങ്ങളിലും ഉണ്ട് എന്ന് പ്രഥമാധ്യാപകൻ ഉറപ്പാക്കേണ്ടതാണ്.
- അധ്യാപക സംഗമത്തിൽ  എല്ലാ ദിവസവും പൂർണ്ണ സമയം  അധ്യാപകർ പങ്കെടുക്കുന്നു എന്നത് കേന്ദ്രങ്ങളിലെ പൂർണ്ണ ചുമതലയുള്ള സ്കൂൾ മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്.
- അനിവാര്യമായ സാഹചര്യത്തിൽ അധ്യാപകർക്ക് ജില്ല മാറി പങ്കെടുക്കാവുന്നതാണ്. ഇത്തരത്തിൽ പങ്കെടുക്കുന്ന അധ്യാപകർ അതാത് വിദ്യാഭ്യാസ ഓഫീസർമാരുടെയോ പ്രഥമാധ്യാപകരുടെയോ അനുമതി വാങ്ങി പങ്കെടുക്കുന്ന ബി.ആർ.സി.യിലെ ബി.പി.സി.യെ രേഖാമൂലം മുൻകൂറായി അറിയിപ്പ് നൽകണം. ജില്ല മാറി പങ്കെടുക്കുന്ന സാഹചര്യത്തിൽ അധ്യാപകർക്ക് ടി.എയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ജില്ലയിൽ ബി.ആർ.സി തല മാറ്റം അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ അനുവദിക്കേണ്ടതില്ല.
- അധ്യാപകർ ഹാജരാകാത്ത ദിവസങ്ങളിൽ ആബ്സൻറ് രേഖപ്പെടുത്തിയാണ് അറ്റൻഡൻസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. ഇത് കൈറ്റ് ടി.എം.എസ്. പോർട്ടലിൽ നിന്ന് ലഭ്യമാക്കാവുന്നതാണ്.
- സംഗമത്തിൽ പങ്കെടുക്കുന്ന അധ്യാപകർ മൊബൈൽ ഫോൺ (പവർ ബാങ്ക്, ലാപ്ടോപ്പ് അഭികാമ്യം) പാഠപുസ്തകം, അധ്യാപക സഹായി എന്നിവ കൊണ്ടുവരുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
- അധ്യാപകസംഗമത്തിൽ ഏതെങ്കിലും ഒരു ബാച്ചിൽ പൂർണ്ണ സമയ പങ്കാളികളായി ട്രെയിനർമാർ, സി.ആർ.സി കോർഡിനേറ്റർമാർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, സ്പെഷ്യലിസ്റ്റ് അധ്യാപകർ അവരവരുടെ വിഷയത്തിൽ ഉണ്ടാകണം.
- ഹൈസ്കൂൾ വിഭാഗം അധ്യാപക സംഗമം രണ്ട് സ്പെല്ലിലായി സംഘടിപ്പിക്കാൻ കഴിയും വിധം ആർ.പി മാരുള്ള (കോർ എസ്.ആർ.ജി, എസ്. ആർ. ജി അംഗങ്ങൾ) ജില്ലകൾക്ക് സോണൽ ഡി.ആർ.ജി ശാക്തീകരണം ഒഴിവാക്കാവുന്നതാണ്. സോണൽ ഡി.ആർ.ജി ശാക്തീകരണം

ഒഴിവാക്കുന്ന സാഹചര്യത്തിൽ  സോണിലെ ഏതെങ്കിലും ഒരു ജില്ലയ്ക്ക് അധികമായി ആവശ്യം വരുന്ന ആർ.പിമാരെ സോണൽ ജില്ലകളിൽ നിന്നുള്ളവരെ പ്രയോജനപ്പെടുത്താവുന്നതാണ്.

- സോണലിൽ ഒരു ജില്ലയ്ക്കു മാത്രം ഡി.ആർ.ജി ശാക്തീകരണം ആവശ്യമാകുന്ന പക്ഷം സോണലിലെ മറ്റ് ജില്ലകളിലെ/മറ്റ് സോണലുകളിലെ ആർ.പി. മാരെ അധ്യാപക സംഗമത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. അത്തരത്തിൽ കണ്ടെത്തുന്ന ആർ.പി.മാരുടെ ലിസ്റ്റ് സംസ്ഥാനത്തിന് കൈമാറേണ്ടതാണ്.
- അനുവദിച്ചിട്ടുള്ള സ്റ്റേഷനറി, കണ്ടിജൻസി ഇനത്തിൽ പരാമവധി ഉൾപ്പെടുത്തി കൊണ്ട് മാത്രം മൊഡ്യൂളിന്റെ കോപ്പി, (സോഫ്റ്റ് കോപ്പി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം) ഫോട്ടോസ്റ്റാറ്റുകൾ, പരിശീലന സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്കൂളിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന ഉപകരണങ്ങൾ പണം കൊടുത്ത് വാങ്ങുന്നത് ഒഴിവാക്കണം. മൊഡ്യൂൾ വിനിമയം ചെയ്യുന്നതിന് അവശ്യമായതും തുടർ പരിശീലനങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന സാമഗ്രികൾ  വാങ്ങുന്നതിന് മുൻഗണന നൽകണം.
- ജില്ലകളിലെ എൽ.പി, യു.പി, എച്ച്.എസ് അധ്യാപക സംഗമങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ആർ.പി.മാരെ  നിലവിലുള്ള കോർ എസ്.ആർ.ജി, എസ്.ആർ.ജി ലിസ്റ്റിൽ നിന്നും ഡി.ആർ.ജി പരിശീലനം നേടിയവരിൽ നിന്നും നിയോഗിക്കേണ്ടതാണ്.  ഇത്തരത്തിൽ മതിയായ ആർ.പി.മാരെ 2 സ്പെല്ലുകളിലായി നടക്കുന്ന അധ്യാപക സംഗമ ബാച്ചുകളിൽ ലഭ്യമല്ലാത്ത ജില്ലകൾ ആദ്യ അധ്യാപക സംഗമം നടന്നതിനുശേഷം മറ്റ് ജില്ലകളിൽ നിന്നുള്ള ആർ.പിമാരെ പ്രയോജനപ്പെടുത്തേണ്ടതാണ്.
- അപ്രൂവൽ കിട്ടിയ മുഴുവൻ അധ്യാപകരെയും അധ്യാപകസംഗമത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- കോർ എസ്.ആർ.ജി, എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകരിൽ ആർ.പി.മാരായി പ്രവർത്തിക്കുന്നതിന് തയ്യാറാകാത്തവരുടെ വിശദാംശങ്ങൾ സംസ്ഥാന ഓഫീസിൽ അറിയിക്കേണ്ടതാണ്.

<u>അധ്യാപക സംഗമം - ആർ.പിമാരുടെ ചുമതലകൾ ചുവടെ നൽകുന്നു.</u>

- എല്ലാ സെഷന്റെയും ട്രെയിനിംഗ് മാന്വൽ നിർബന്ധമായും എഴുതിയിരിക്കണം.(ഒരാൾ ഏതെങ്കിലും കാരണവശാൽ എത്തപ്പെടാതെ പോയാൽ സെഷൻ മുടങ്ങാതിരിക്കാനും സെഷനുകളിൽ കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കാനും ഇതാവശ്യമാണ്)
- ആർ.പിമാർ തയ്യാറെടുപ്പില്ലാതെ സെഷനുകൾ നയിക്കരുത്.
- സെഷനുകൾക്കാവശ്യമായ അന്തരീക്ഷം മുൻകൂട്ടി ഒരുക്കി സെഷനുകൾ നയിക്കണം.
- എൽ സി ഡി പ്രൊജക്ടർ, ലാപ്പ് ടോപ്പ് എന്നിവ മുൻകൂട്ടി പ്രവർത്തിപ്പിച്ച് ബോധ്യപ്പെടണം.
- അധ്യാപകരുടെ സംശയങ്ങൾ പരിഹരിക്കാൻ സഹായിക്കണം.
- ആർ.പിമാർ ഒരു ടീം എന്ന നിലയിൽ പ്രവർത്തിക്കണം.
- സെഷൻ നടക്കുന്ന സമയം മൊബൈൽ ഉപയോഗിക്കരുത്.
- എല്ലാ ദിവസവും അധ്യാപക സംഗമം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപ് ആർ.പിമാർ അധ്യാപക സംഗമ കേന്ദ്രത്തിൽ എത്തേണ്ടതാണ്.
- മുഴുവൻ അധ്യാപകരുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കണം.
- ആർ.പി.മാരും പങ്കാളികളും സൗഹാർദപരമായി സെഷനുകളിൽ ഇടപെടണം.
- മൊഡ്യൂളിൽ നിന്നും യാതൊരു കാരണവശാലും ആശയപരമായി  വ്യതിചലിക്കാൻ പാടുള്ളതല്ല.
- അധ്യാപകർക്ക് വ്യക്തതയുണ്ടാകും വിധം കാര്യങ്ങൾ അവതരിപ്പിക്കണം. ക്ലാസ് റൂം പ്രയോഗത്തിൽ ഊന്നി വേണം ഓരോ സെഷന്റെയും ക്രോഡീകരണം നടത്തേണ്ടത്.

- എല്ലാ സെഷനിലും ആർ.പി ക്രോഡീകരണം ഉണ്ടാവണം.
- ഗ്രൂപ്പ് പ്രവർത്തനങ്ങൾ നടക്കുമ്പോൾ ആർ.പിമാർ ഓരോ ഗ്രൂപ്പിലും ഉണ്ടാവണം.
- സമയ ബന്ധിതമായി ചർച്ച മുന്നോട്ട് കൊണ്ടുപോകണം. കേന്ദ്ര വിഷയത്തിൽ നിന്നും വ്യതിചലിക്കാതെ സെഷൻ ആർ.പി / ആർ.പിമാർ ശ്രദ്ധിക്കണം.
- സമയബന്ധിതമായി സെഷനുകൾ തീർക്കണം.
- അധ്യാപക സംഗമ പങ്കാളികളിൽ നിന്നും പ്രസ്തുത ഫോർമാറ്റിൽ ഫീഡ്ബാക്ക് ശേഖരിക്കണം.
- എല്ലാ ദിവസവും വൈകിട്ട് ആർ.പിമാർ പരിശീലനം അവലോകനം ചെയ്യുകയും അടുത്ത ദിവസത്തേക്കുള്ള സെഷനുകളുടെ ആസൂത്രണം നടത്തുകയും വേണം.

## മോണിട്ടറിംഗ്

- ഫീൽഡ് തല അധ്യാപക സംഗമത്തിന് മുന്നോടിയായി ഡി.ഡി.ഇ യുടെ നേതൃത്വത്തിൽ ജില്ലാ കൺവർജൻസ് യോഗങ്ങളും അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗങ്ങളും സംഘടിപ്പിക്കേണ്ടതാണ്.
- ഡി.ഡി.ഇ, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.പി.സി എന്നിവരുടെ ടീം ജില്ലയിലെ എല്ലാ ഡി.ആർ.ജി. ശാക്തീകരണ കേന്ദ്രങ്ങളും അധ്യാപക സംഗമ കേന്ദ്രങ്ങളും മോണിട്ടർ ചെയ്യണം.
- ഡി.ഇ.ഒമാർ, എസ്.എസ്.കെ ഡി.പി.ഒ മാർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ എന്നിവരടങ്ങുന്ന ടീം വിദ്യാഭാസ ജില്ലാ തലത്തിലെ വിവിധ ബി.ആർ.സികളിൽ നടക്കുന്ന അധ്യാപക സംഗമം മോണിട്ടർ ചെയ്യണം.
- ജില്ലാതല മോണിട്ടറിംഗിൽ ക്യു.ഐ.പി അധ്യാപക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതാണ്.
- ജില്ലാതല മോണിറ്ററിംഗ് അംഗങ്ങൾക്കുള്ള ടി.എ/ഡി.എ ജില്ലാ ഓഫീസിൽ നിന്ന് നൽകണം.
- എ.ഇ.ഒ, ബി.പി.സി, ഡയറ്റ് ഫാക്കൽറ്റി അംഗം എന്നിവരടങ്ങുന്ന ടീം ബി.ആർ.സികളിൽ നടക്കുന്ന അധ്യാപക സംഗമം മോണിട്ടർ ചെയ്യണം.
- ഓരോ ടീമും ഏതെല്ലാം കേന്ദ്രങ്ങൾ മോണിട്ടറിംഗിനു വിധേയമാക്കും എന്നു മുൻകൂട്ടി ധാരണയുണ്ടാക്കിയാൽ എല്ലാ അധ്യാപക സംഗമ കേന്ദ്രങ്ങളും മോണിട്ടറിംഗ് പരിധിയിൽ വരുന്നുണ്ട് എന്നുറപ്പാക്കാൻ കഴിയും.
- സമയക്രമം പാലിച്ചുകൊണ്ട് അധ്യാപകസംഗമം നടത്തേണ്ടതിനാൽ മോണിറ്ററിംഗ് ടീം അംഗങ്ങൾ ദീർഘനേരം അധ്യാപക സംഗമ പങ്കാളികളുമായി സംവദിക്കുന്നത് ഒഴിവാക്കണം. മൂന്നോ നാലോ പേരെ പ്രത്യേകം വിളിച്ച് ഫീഡ്ബാക്ക് ശേഖരിക്കുന്നതാവും ഉചിതം.
- മോണിട്ടറിംഗ് ടീം അംഗങ്ങൾക്ക് സെഷനുകളുടെ സംക്ഷിപ്തം (എന്താണ് ഓരോ സെഷന്റെയും ഫലമായി സ്കൂളുകളിൽ നടക്കേണ്ടത് എന്ന് വ്യക്തമാക്കുന്നത്) നൽകേണ്ടതാണ്.
- മോണിട്ടറിംഗ് ടീമുകളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അന്നന്ന് മെച്ചപ്പെടുത്തലുകൾക്കുള്ള നിർദ്ദേശങ്ങൾ ബാധകമായ കേന്ദ്രത്തിൽ / വിഷയത്തിൽ നൽകണം.
- അധ്യാപക സംഗമത്തിന്റെ ഫീഡ്ബാക്ക് നിശ്ചിത ഫോർമാറ്റിൽ / ഗൂഗിൾ ഫോം മുഖേന അധ്യാപകരിൽ നിന്നും ശേഖരിക്കേണ്ടതും അവ ക്രോഡീകരിച്ച് അധ്യാപക സംഗമം കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാന ഓഫീസിന് നൽകേണ്ടതുമാണ്.

## ഡോക്യുമെന്റേഷൻ

- ഓരോ ദിവസത്തേയും ഡോക്യുമെന്റേഷൻ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. ഡോക്യുമെന്റേഷൻ റിപ്പോർട്ടിൽ പങ്കാളിത്തം, ഭൗതിക സൗകര്യങ്ങൾ, അധ്യാപക സംഗമത്തിന്റെ അക്കാദമിക തലം, അധ്യാപകരുടെ പ്രതികരണങ്ങൾ എന്നീ നാലു ഘടകങ്ങൾ ഉണ്ടാവണം.
- അധ്യാപക സംഗമ പ്രക്രിയയുടെ വ്യത്യസ്ത രീതികൾ പ്രതിഫലിപ്പിക്കുന്ന ഫോട്ടോ അടിക്കുറിപ്പോടെ ജില്ലാ ഓഫീസിൽ നൽകണം. അതിൽ നിന്നും തെരഞ്ഞെടുത്തവ സംസ്ഥാന തലത്തിൽ അറിയിക്കണം.
- സമഗ്ര ശിക്ഷാ കേരളം- സ്റ്റാർസ് പദ്ധതിയുടെ ഫണ്ട് വിനിയോഗിച്ചാണ് അധ്യാപക സംഗമങ്ങൾ സംഘടിപ്പിക്കുന്നത്. ആയതിനാൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് നൽകുന്നതിനായുള്ള ഡി.ആർ.ജി ശാക്തീകരണം, അധ്യാപക സംഗമം ഡോക്യുമെന്റുകളിൽ (ബാനർ, ഫോട്ടോകൾ, വീഡിയോ, തുടങ്ങിയവ) സ്റ്റാർസ് ലോഗോ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കണം.
- ഓരോ വിഭാഗങ്ങളിലെ വ്യത്യസ്ത വിഷയങ്ങളുടെ അധ്യാപക സംഗമം (എൽ.പി, യു.പി, ഹൈസ്കൂൾ) ഒന്നു വീതമെങ്കിലും വീഡിയോ ഡോക്യുമെന്റ് ജില്ലാ ഡോക്യുമെന്റേഷൻ ടീമിന്റെ നേതൃത്വത്തിൽ ചെയ്യണം. വീഡിയോ പത്തു മിനിറ്റിൽ കൂടുതൽ ദൈർഘ്യം പാടില്ല. അധ്യാപക സംഗമത്തിന്റെ ഉള്ളടക്കത്തിനും പ്രക്രിയയ്ക്കും അധ്യാപകരുടെ വിലയിരുത്തലിനുമാകണം വീഡിയോയിൽ ഊന്നൽ കൊടുക്കേണ്ടത്. മുൻകൂട്ടി സ്റ്റോറി ബോർഡ് തയ്യാറാക്കി വേണം ഡോക്യുമെന്റേഷൻ നടത്താൻ.

അധ്യാപക സംഗമം 2024 ന്റെ വിജയം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മാ വിദ്യാഭ്യാസവും തുല്യതയും ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് ഏറെ സഹായകരമാകുമെന്നും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിലുള്ള മികച്ച അക്കാദമിക പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ നമുക്ക് കഴിയുമെന്നും പ്രത്യാശിക്കുന്നു.

ഉള്ളടക്കം:-

അധ്യാപകരുടെ വിലയിരുത്തൽ ഫോർമാറ്റ്

മോണിറ്ററിംഗ് ഫോർമാറ്റ്

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ ജില്ലാപ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും

# അവധിക്കാല അധ്യാപക സംഗമം 2024-25

## വിലയിരുത്തൽ ഫോർമാറ്റ്

ജില്ല : 

അധ്യാപക സംഗമ കേന്ദ്രം:

ഉപജില്ല : 

വിഭാഗം- എൽ.പി/യു.പി/എച്ച്.എസ്/എച്ച്.എസ്.എസ്

ക്ലാസ്/വിഷയം : 

സെഷൻ:

അധ്യാപിക/ അധ്യാപകന്റെ പേര് : 

സ്കൂൾ:

| | |
|---|---|
| 1. ഈ സെഷനിലൂടെ എനിക്ക് ലഭിച്ച പ്രധാന തിരിച്ചറിവ് | |
| 2. ഈ സെഷനിൽ നടന്ന പ്രവർത്തനങ്ങളുടെ ഫലമായി എന്റെ ക്ലാസിൽ/വിദ്യാലയത്തിൽ/കുട്ടിയിൽ പ്രതീക്ഷിക്കുന്ന മാറ്റം/മികവ് | |
| 3. ഈ മികവ് ഉറപ്പുവരുത്താൻ ഞാൻ ചെയ്യേണ്ടത്? | |
| 4. ഇതിന്റെ തുടർച്ചയായി ക്ലസ്റ്റർ യോഗങ്ങളിൽ എന്തെല്ലാം പരിഗണിക്കണം? | |
| 5. പൊതുവിൽ ഈ സെഷനെക്കുറിച്ചുള്ള അഭിപ്രായം - വളരെ മികച്ചത്/മികച്ചത്/തൃപ്തികരം/ശരാശരി/ശരാശരിക്ക് താഴെ | |
| 6. സെഷൻ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ | |
| 7. പൊതുവിൽ അധ്യാപക സംഗമത്തെ കുറിച്ചുള്ള അഭിപ്രായം- വളരെ മികച്ചത്/മികച്ചത്/തൃപ്തികരം/ ശരാശരി/ശരാശരിക്ക് താഴെ | |
| 8. അധ്യാപക സംഗമം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ | |

നോട്ട്:- പ്രസ്തുത വിലയിരുത്തൽ ഫോർമാറ്റിൽ ഉള്ളടക്കം ചെയ്തിട്ടുള്ള വിവരങ്ങൾ അധ്യാപക സംഗമത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് ഓരോ സെഷനും  വിലയിരുത്തുന്നതിനായി ഗൂഗിൾ ഫോമിൽ നൽകേണ്ടതാണ്. ചോദ്യങ്ങൾ ഡ്രോപ്പ്ഡൗൺ ആയി കൊടുക്കാൻ കഴിയുന്നവ അത്തരത്തിൽ നൽകേണ്ടതാണ്.

# സമഗ്ര ശിക്ഷാ കേരളം

## അവധിക്കാല അധ്യാപക സംഗമം - 2024-25

## മോണിറ്ററിംഗ് രൂപരേഖ

(കേന്ദ്രങ്ങൾ സന്ദർശിക്കുന്ന മോണിറ്ററിംഗ് സമിതി അംഗങ്ങൾ പൂർത്തീകരിച്ച് നൽകേണ്ടത്.)

**A. പൊതുവിവരങ്ങൾ**

1. ജില്ല/വിദ്യാഭ്യാസ ജില്ല/ഉപജില്ല :
2. അധ്യാപക സംഗമ കേന്ദ്രം : തീയ്യതി : ..................
3. വിഭാഗം : എൽ.പി. ☐ യു.പി. ☐ എച്ച്.എസ്. ☐ എച്ച്.എസ്.എസ്. ☐
4. ക്ലാസ്/വിഷയം :
5. പങ്കാളിത്തം : പങ്കെടുക്കേണ്ടവരുടെ എണ്ണം ☐
   പങ്കെടുത്തവർ ☐
   പങ്കെടുക്കാത്തവർ ☐
   റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ ☐

**B. അധ്യാപക സംഗമ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യവും അന്തരീക്ഷവും**

| ക്രമ നം. | സൂചകങ്ങൾ | ഉണ്ട് | ഇല്ല | പരാമർശം (റിമാർക്സ്) |
|---|---|---|---|---|
| 1. | അധ്യാപക സംഗമ കേന്ദ്രത്തിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ? | | | |
| 2. | അധ്യാപക സംഗമ കേന്ദ്രത്തിന്റെ ചുമതലയുള്ള സ്ഥാപന മേധാവിയുടെ സാന്നിധ്യവും സഹകരണവും ഉറപ്പുവരുത്തിയിട്ടുണ്ടോ? | | | |
| 3. | അധ്യാപക സംഗമത്തിന്റെ റിസോർസ് പേഴ്സൺമാർ ട്രെയിനിംഗ് മാന്വൽ ഉപയോഗപ്പെടുത്തിയാണോ സെഷനുകൾ നയിക്കുന്നത്? | | | |
| 4. | മൊഡ്യൂളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ടോ? | | | |
| 5. | മൊഡ്യൂൾ പ്രകാരമുള്ള സാമഗ്രികളുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തിയിട്ടുണ്ടോ? | | | |
| 6. | അധ്യാപക സംഗമ സെഷനുകളിൽ പങ്കാളികളുടെ സജീവമായ ഇടപെടൽ സാധ്യമായിരുന്നോ? | | | |

**C. സെഷൻ നിരീക്ഷണവും വിശകലനവും (ട്രെയിനിംഗ് മാന്വൽ, മൊഡ്യൂൾ പ്രകാരം)**

| ക്രമ നം. | സൂചകങ്ങൾ | നിരീക്ഷണം |
|---|---|---|
| 1. | നിരീക്ഷിച്ച സെഷൻ | |
| 2. | വിനിമയ സങ്കേതം/രീതി | |
| 3. | പങ്കാളികളുടെ പ്രതികരണം/ഇടപെടൽ രീതി | |

| | | |
|---|---|---|
| 4. | ആർ.പി.മാരുടെ നേതൃത്വപരമായ പങ്ക്/ഇടപെടൽ ശേഷി | |
| 5. | സെഷനിൽ രൂപപ്പെട്ട ഉല്പന്നം/കർമ്മപദ്ധതി/ആശയം | |
| 6. | സമയത്തിന്റെ വിനിയോഗം | |

**D. അധ്യാപക സംഗമം - വിലയിരുത്തൽ**

| ക്രമ നം. | സൂചകങ്ങൾ | |
|---|---|---|
| 1. | മികവുകൾ : | |
| 2. | പ്രശ്നങ്ങൾ/പരിമിതികൾ : | |
| 3. | നിർദ്ദേശങ്ങൾ : | |

പങ്കാളികളുടെ ഫീഡ്ബാക്ക് (നിരീക്ഷിച്ച ബാച്ചിലെ 2/3 അംഗങ്ങളിൽ നിന്നും അധ്യാപക സംഗമത്തെക്കുറിച്ചുള്ള ഫീഡ്ബാക്ക് ശേഖരിച്ച് ഇവിടെ രേഖപ്പെടുത്തണം.)

**സമിതി അംഗങ്ങൾ** **സന്ദർശന തീയതി**

**1.................................................** **ഒപ്പ്:**

**2...............................................** **ഒപ്പ്:**

**3..............................................** **ഒപ്പ്:**

**4..............................................** **ഒപ്പ്:**